# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

## നാല്പതു വർഷം



എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest; Alastair Paterson

അംഗികരിച്ചത് : Lyn Doerksen

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2021 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



ദൈവം യിസ്രായേല്യരെ മിസ്രയീമിൽനിന്ന് കൊാുവന്നപ്പോൾ മോശെ ജനങ്ങളെ ആരാധനയ്ക്കായി നയിച്ചു. സ്തുതിയുടെ ഒരു ഗീതം തന്നെ താൻ ഉാക്കി. “ഞാൻ യഹോവയ്ക്ക് പാട്ടുപാടും, അവൻ മഹോന്നതൻ.”







മരുഭൂമിയിൽ മൂന്നു ദിവസം കഴിച്ചശേഷം ദാഹിച്ചുവലഞ്ഞ അവർ അവിടെ ഒരു കുളം കത്തെി. പക്ഷേ അത് കയ്പുള്ള വെള്ളമായിരുന്നു. പ്രാർത്ഥിക്കുന്നതിനുപകരം അവർ പരാതി പറയുകയാണ് ചെയ്തത്.



ദൈവം വളരെ
ദയയുള്ളവനാണ്. ദൈവം
ആ വെള്ളത്തെ കുടിക്കുവാൻ
കൊള്ളാവുന്നതാക്കിത്തീർത്തു.



ആ ജനങ്ങൾ സകലത്തിനും പരാതിപറയുന്നവർ ആണെന്ന് തോന്നുന്നു. “ഞങ്ങൾക്ക് മിസ്രയീമിൽ ഭക്ഷണം ഉായിരുന്നു. എന്നാൽ ഈ മരുഭൂമിയിൽ ഞങ്ങൾ പട്ടിണി കൊു  മരിക്കയേ ഉള്ളൂ” അവർ പിറപിറുത്തു. അന്ന് വൈകുന്നേരം കാടപക്ഷിയെ ദൈവം അയച്ചു. ജനങ്ങൾക്ക് അവയെ നിഷ്പ്രയാസം പിടിച്ചെടുക്കുവാൻ കഴിഞ്ഞു.

അടുത്ത ദിവസം രാവിലെ ദൈവം മന്ന അയച്ചു. തേൻ ചേർത്ത ദോശപോലെ രുചിയുള്ള ഒരു റൊട്ടിയായിരുന്നു മന്ന.



അവർക്ക് പെറുക്കിയെടുക്കുവാൻ പാകത്തിന് എല്ലാ രാവിലെയും മന്ന വീണു കൊിരുന്നു.

ഇങ്ങനെ മരുഭൂമിയിൽ ദൈവം തന്റെ ജനത്തെ തീറ്റിപ്പോറ്റി.

പുതിയ ഭക്ഷണത്തിന് എല്ലാ ദിവസവും അവർ ദൈവത്തിൽ ആശ്രയിക്കണമായിരുന്നു. നാളത്തേക്ക് വച്ചേക്കുവാൻ കൊള്ളുകയില്ല എന്ന് ദൈവം പറഞ്ഞിരുന്നെങ്കിലും ചില ആളുകൾ അധികം മന്ന പെറുക്കി ശേഖരിച്ചു.



ശബത്തു ദിവസത്തേത് ഒഴികെ, ഇന്നലെ പെറുക്കി ശേഖരിച്ചു വെച്ചിരുന്ന മന്ന മുഴുവനും പുഴുവായിത്തീർന്നു. ശബത്തു ദിവസമായ ആ ഏഴാംദിവസം ജനങ്ങൾ വിശ്രമിക്കുകയും തലേ ദിവസത്തെ മന്ന തിന്നുകയും ചെയ്തു.



മരുഭൂമിയിൽ
ദൈവം
യിസ്രായേൽ മക്കളെ
സംരക്ഷിച്ചു. അവൻ
അവർക്ക് ഭക്ഷണവും
പാനീയവും നൽകി.
ശത്രുക്കളിൽനിന്നും രക്ഷിച്ചു.



അമാലേക്യർ
യിസ്രായേല്യരെ
ആക്രമിച്ചപ്പോൾ,
മോശെയുടെ കയ്യിൽ
ദൈവത്തിന്റെ വടി
പിടിച്ചിരുന്നിടത്തോളം സമയം
അവർ യുദ്ധത്തിൽ വിജയിച്ചു.





“നിങ്ങൾ എന്റെ ശബ്ദം കേട്ടനുസരിച്ചാൽ നിങ്ങൾ എന്റെ പ്രത്യേക ജനം ആയിരിക്കും.” ദൈവം സകല യിസ്രായേലിനോടുമായി അരുളിച്ചെയ്തു. “ദൈവം അരുളിച്ചെയ്യുന്നത് മുഴുവനും ഞങ്ങൾ ചെയ്യും” ജനങ്ങൾ മോശെയോട് പറഞ്ഞു. മോശെ ദൈവവുമായി കൂടിക്കാണുവാൻ സീനായി മലയിൽ കയറിയപ്പോൾ അവർ താഴ്‌വരയിൽ മോശെയെ കാത്തിരുന്നു.



മോശെ പർവ്വതത്തിൽ നാല്പതുദിവസം ദൈവത്തോടുകൂടെ ആയിരുന്നു. ര് കല്പലകകളിൽ ദൈവം പത്ത് കല്പനകൾ എഴുതി.



തന്റെ ജനം എങ്ങനെ
ജീവിക്കണമെന്നാണ്
താൻ
ആഗ്രഹിക്കുന്നതെന്ന്
ദൈവം
മോശെയോട്
പറഞ്ഞു.

ഒന്ന്. “ഞാൻ
അല്ലാതെ അന്യ
ദൈവങ്ങൾ നിനക്ക് ഉ
ാകരുത്.”

ര്. “ഒരു ബിംബത്തെ ഉ
ാക്കുകയോ
നമസ്ക്കരിക്കുകയോ
അരുത്.”

മൂന്ന്. “ദൈവത്തിന്റെ
നാമം വൃഥാ
എടുക്കരുത്.”

നാല്.
“ശബത്തുനാളിനെ
ശുദ്ധീകരിക്കുവാൻ
ഓർക്കുക.”

അഞ്ച്. “നിന്റെ
അപ്പനെയും
അമ്മയെയും
ബഹുമാനിക്കുക.”

ആറ്.
“കൊലചെയ്യരുത്.”

ഏഴ്. “വ്യഭിചാരം
ചെയ്യരുത്.”

എട്ട്. “മോഷ്ടിക്കരുത്.”

ഒമ്പത്. “കള്ളം
പറയരുത്.”

പത്ത്.
“മോഹിക്കരുത്.”



മോശെ ദൈവത്തോടുകൂടെ
മലയിൽ ആയിരുന്നപ്പോൾ
യിസ്രായേൽമക്കൾ
അപകടകരമായ ഒരു
കാര്യം ചെയ്തു. ഒരു
പൊൻ കാളക്കുട്ടിയെ ഉ
ാക്കിത്തരുവാൻ
അവർ അഹരോനോട്
ആവശ്യപ്പെട്ടു.
എന്നിട്ടവർ ദൈവത്തെ
ആരാധിക്കുന്നതിനുപകരം
അതിനെ ആരാധിച്ചു.
ദൈവം വളരെ
കോപിച്ചു, മോശെയും.



ആ കാളക്കുട്ടിയെയും
നൃത്തം ചെയ്യുന്ന
ജനത്തെയും കണ്ടപ്പോൾ
മോശെ കൈയിൽ ഇരുന്ന
കല്പലകകൾ താഴെയിട്ട്
പൊട്ടിച്ചുകളഞ്ഞു.
പൊൻകാളക്കുട്ടിയെ
കോപത്തോടെ നശിപ്പിച്ചു.
അതിനെ ആരാധിച്ച ദുഷ്ട
മനുഷ്യരെ അവൻ
കൊന്നുകളഞ്ഞു.

ദൈവം വീും
ര് കല്പലകകൾ
ഉാക്കിക്കൊടുത്തു.
ദൈവം തന്റെ ജനത്തോടുകൂടെ
വസിക്കേതിന് ചുറ്റും
മതിലുകളോടുകൂടിയ ഒരു വലിയ കൂടാരം
– സമാഗമന കൂടാരം – ഉാക്കുവാൻ
ദൈവം മോശെയോട്
കല്പിച്ചു.



അവർക്ക് അവിടെ
ദൈവത്തെ ആരാധിക്കാം.
ദൈവത്തിന്റെ സാന്നിധ്യം
മേഘസ്തംഭത്തിലൂടെയും
അഗ്നിസ്തംഭത്തിലൂടെയും
ദൈവം അവർക്ക്
കാട്ടിക്കൊടുത്തു.



അവർ കനാൻദേശത്തോട്  അടുത്തപ്പോൾ, ദൈവം തന്റെ ജനത്തിന് വാഗ്ദത്തം ചെയ്ത ആ ദേശം കാണുവാൻ മോശെ പന്ത്രണ്ട് ചാരന്മാരെ അവിടേയ്ക്കയച്ചു. ആ ദേശം വളരെ മനോഹരമാണെന്ന് ചാരന്മാർ എല്ലാവരും സമ്മതിച്ചു.



എന്നാൽ അക്കൂട്ടത്തിൽ രുപേർ മാത്രമേ യോശുവയും കാലേബും, ദൈവത്തിന്റെ സഹായത്തോടെ തങ്ങൾക്ക് ആ ദേശം കീഴടക്കനാവു മെന്ന് വിശ്വസിച്ചുള്ളു.



ആ ദേശത്തിലെ ഉറപ്പുള്ള പട്ടണങ്ങളെയും മല്ലൻമാരെയും കണ്ടപ്പോൾ മറ്റ് പത്തുപേരും ഭയപ്പെട്ടുപോയി.
“നമുക്ക് ആ ദേശം കൈവശമാക്കുവാൻ കഴിയുകയില്ല,” അവർ ദുഃഖത്തോടെ പറഞ്ഞു.
തങ്ങളെ മിസ്രയീമിൽനിന്ന് വിടുവിക്കുവാൻ ദൈവം ചെയ്ത വൻകാര്യങ്ങളെ അവർ മറന്നു.



ജനമെല്ലാം അവിശ്വാസികളായ ആ പത്തു ചാരന്മാർ പറഞ്ഞതിനോട് ഒത്തു. കരഞ്ഞുവിളിച്ച് മിസ്രയീമിലേക്ക് തിരികെപ്പോകുവാൻ അവർ തയ്യാറായി എന്നു മാത്രമല്ല മോശെയെ കൊന്നുകളയുവാൻപോലും അവർ ശ്രമിച്ചു.



ദൈവം മോശെയുടെ ജീവൻ രക്ഷിച്ചു. അവൻ ജനത്തോടു പറഞ്ഞു, “നാല്പതു വർഷം നിങ്ങൾ മരുഭൂമിയിൽ അലഞ്ഞുതിരിയും. കാലേബും യോശുവയും നിങ്ങളുടെ കുട്ടികളും മാത്രമേ നിങ്ങൾക്ക് ലഭിക്കുവാനുള്ള ആ ദേശത്ത് പ്രവേശിക്കുകയുള്ളൂ.”



നാല്പതു വർഷം

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

പുറപ്പാട് 15 മുതൽ സംഖ്യ 14 വരെ

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.
യോഹന്നാൻ 3:16